# പതിമൂന്നാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3973** **27/06/2012 ൽ മറുപടിക്ക്**

**കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങിയ മരുന്നുകളുടെ വിശദാംശം**

**ചോദ്യം** **മറുപടി**

**ശ്രീ. ഇ. പി. ജയരാജൻ**

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 2011-2012 സാമ്പത്തിക വർഷത്തിൽ ആകെ എത്ര രൂപയുടെ മരുന്നുകൾ വാങ്ങിയെന്നു പറയാമോ; | (എ) | 2011-2012 സാമ്പത്തിക വർഷത്തിൽ 177.07 കോടി രൂപയുടെ മരുന്നുകൾ വാങ്ങി |
| (ബി) | പ്രസ്തുത സർവ്വീസസ് കോർപ്പറേഷന് മരുന്നുകളോ സർജിക്കൽ ഉപകരണങ്ങളോ വിതരണം ചെയ്ത് ഏറ്റവും കൂടുതൽ തുകയുടെ ഇടപാടുകൾ നടത്തിയ 10 കമ്പനികൾ ഏതെന്നു വിവരിക്കുമോ; | (ബി) | ക്രമ നം. / കമ്പനിയുടെ പേര്<br>1 കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ്<br>2 ബി. ബ്രോൺ മെഡിക്കൽ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്<br>3 ഏജ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്<br>4 വിവേക് ഫാർമാകെം (ഇന്ത്യ) ലിമിറ്റഡ്<br>5 യൂണികൂർ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്<br>6 ഭാരത് സെറംസ് ആൻഡ് വാക്സിൻസ് ലിമിറ്റഡ് |

| | | | |
|---|---|---|---|
| | | | 7 സതേൺയൂണിയൻ ഫാർമസ്യൂട്ടിക്കൽസ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്<br>8 ജയ്കോട്ട് ഇൻഡസ്ട്രീസ്<br>9 ഭാരത് പാരന്റരൽസ് ലിമിറ്റഡ്<br>10 ജിൻഡാൽ ഫോട്ടോ ലിമിറ്റഡ് |
| (സി) | പ്രസ്തുത 10 കമ്പനികളുടെ പക്കൽ നിന്നും എന്തെല്ലാം മരുന്നുകളും സർജിക്കൽ ഉപകരണങ്ങളുമാണ് കേരളാ മെഡിക്കൽ സർവീസസ് കേർപ്പറേഷൻ വാങ്ങിയതെന്നു അറിയിക്കുമോ; | (സി) | ആലപ്പുഴയിലെ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കലിൽ നിന്ന് 52 ഇനം മരുന്നുകളും, ബി. ബ്രോൺ മെഡിക്കൽ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും 7 ഇനം മരുന്നുകളും 18 തരം സർജിക്കൽ ഉപകരണങ്ങളും, ഏജ് ഇൻഡസ്ട്രീസിൽ നിന്ന് 8 ഇനം ഗ്ലൌ സർജിക്കൽ റബ്ബർ സ്റ്റെർലിയും, വിവേക് ഫാർമാകെം (ഇന്ത്യ) ലിമിറ്റഡിൽ നിന്നും 21 ഇനം മരുന്നുകളും, യൂണികൃർ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും 34 ഇനം മരുന്നുകളും, ഭാരത് സെറംസ് ആൻഡ് വാക്സിൻസ് ലിമിറ്റഡിൽ നിന്നും 6 ഇനം മരുന്നുകളും, സതേൺയൂണിയൻ ഫാർമസ്യൂട്ടിക്കൽസ് പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും 17 ഇനം മരുന്നുകളും, ജയ്കോട്ട് ഇൻഡസ്ട്രീസിൽ നിന്നും 1 ഇനം മരുന്നും, ഭാരത് പാരന്റരൽസ് ലിമിറ്റഡിൽ നിന്നും 6 ഇനം മരുന്നുകളും, ജിൻഡാൽ ഫോട്ടോ ലിമിറ്റഡിൽ നിന്ന് 3 ഇനം എക്സ്-റേ ഫിലിമുകളും കോർപ്പറേഷൻ വാങ്ങിയിട്ടുണ്ട്. |
| (ഡി) | നടപ്പ സാമ്പത്തിക വർഷത്തെ ആദ്യപാദത്തിൽ (മൂന്നു മാസം) കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ആകെ എത്ര തുകയുടെ മരുന്നുകൾ വാങ്ങിയെന്നു വ്യക്തമാക്കുമോ | (ഡി) | നടപ്പ സാമ്പത്തിക വർഷത്തിൽ ജൂൺമാസം 15-ാം തീയതി വരെ കോർപ്പറേഷൻ ആകെ 66.44 കോടി രൂപയുള്ള മരുന്നുകൾ വാങ്ങുകയുണ്ടായി. |

| | | | |
|---|---|---|---|
| (ഇ) | വാങ്ങിയ മരുന്നുകൾ ഇന്റൻഡ് പ്രകാരം 14 ജില്ലകളിലേക്കും ലഭ്യമാക്കിയതിന്റെ കണക്കുകളും ജില്ലാ വെയർഹൌസുകളിൽ നിന്നും വിവിധ ആശുപത്രികളിലേയ്ക്ക് ലഭ്യമാക്കിയതിന്റെ കണക്കുകളും ലഭ്യമാക്കുമോ? | (ഇ) | ഇന്റൻഡ് പ്രകാരം 14 ജില്ലകളിലേക്കും ലഭ്യമാക്കിയതിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം | ജില്ല | തുക (കോടിയിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 5.93 |
| 2 | കൊല്ലം | 1.96 |
| 3 | പത്തനംതിട്ട | 1.23 |
| 4 | ആലപ്പുഴ | 2.6 |
| 5 | കോട്ടയം | 3.51 |
| 6 | ഇടുക്കി | 1.03 |
| 7 | എറണാകുളം | 1.33 |
| 8 | തൃശ്ശൂർ | 3.07 |
| 9 | മലപ്പുറം | 2.34 |
| 10 | പാലക്കാട് | 1.3 |
| 11 | കോഴിക്കോട് | 3.34 |
| 12 | വയനാട് | 1 |
| 13 | കണ്ണൂർ | 1.51 |
| 14 | കാസർഗോഡ് | 0.41 |
| | **ആകെ** | **30.56** |

സെക്ഷൻ ഓഫീസർ